(ബി) അഞ്ച് വർഷങ്ങൾക്കുമുമ്പുള്ള മായം ചേർക്കൽ നിരോധന നിയമപ്രകാരം പരിശോധന നടത്തിയിട്ടുള്ള പെപ്സി, കൊക്കോക്കോള തുടങ്ങിയവയിൽ കീടനാശിനി കളുടെ അളവ് ക്രമാതീതമായി കണ്ടെത്തിയിരുന്നു.

(സി) ഇത്തരം ഭക്ഷ്യവിഭവങ്ങൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയ മാക്കുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

22 (687) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തി കൊണ്ടുള്ള ഉത്തരവ് ഇതുവരെ പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാ ക്കാമോ ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സത്വര നടപടി സ്വീകരി ക്കുമോ ?

ഉത്തരം

(എ&ബി) മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ചിരുന്നുവെങ്കിലും ധനവകുപ്പിന്റെ 19-9-2014-ലെ സ.ഉ.(പി) നം.400/2014/ ധന. ഉത്തരവ് പ്രകാരം ധനവ്യയ നിയന്ത്രണം നിലനിൽക്കുന്നതിനാൽ ആയതിന് അനുമതി നൽകിയിരുന്നില്ല.

സെയ്ഫ് കേരള പദ്ധതി

23 (688) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെയ്ഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് അന്യസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സെയ്ഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ:

1. പൊതുജനാരോഗ്യ സംരക്ഷണം ഉറപ്പാക്കുക.
2. പകർച്ചവ്യാധികളെ ഫലപ്രദമായി തടയുക.
3. പകർച്ചവ്യാധികൾമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരമാവധി കുറയ്ക്കുക.
4. പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നിയമ സഹായത്തോടെ നിയന്ത്രിക്കുക.
5. പൊതുജനാരോഗ്യ കാര്യങ്ങളിൽ ഓരോരുത്തരുടേയും പങ്കും അവർ പാലിക്കേണ്ടുന്ന കടമകളും എന്തെന്നുള്ള ബോധവൽക്കരണം.
6. പരിസര ശുചീകരണം ഉറപ്പാക്കുക.

(ബി) ഉണ്ട്. രണ്ട് പ്രാവശ്യം സംസ്ഥാന വ്യപകമായി പരിശോധന നടത്തിയിട്ടുണ്ട് (22-7-2014, 23-5-2015).

(സി) രണ്ടു പ്രാവശ്യം നടത്തിയ പരിശോധന റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

മോഡൽ ബ്ലഡ് ബാങ്കിലെ നിയമനം

24 (689) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കിനെ 2010-ൽ മോഡൽ ബ്ലഡ് ബാങ്കായി ഉയർത്തിയപ്പോൾ സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും സർക്കാരുമായി ഉണ്ടാക്കിയ എം.ഒ.യു. പ്രകാരം ഏതെല്ലാം തസ്തികകൾ പുതുതായി ബ്ലഡ് ബാങ്കിൽ അനുവദിക്കാമെന്ന് പറഞ്ഞിരുന്നുവെന്ന് വിശദീകരിക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട് ; ഇല്ലെങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly